കേരള സർക്കാർ



# പച്ചക്കറി വിളകളുടെ വിസ്തൃതിയും ഉത്പാദനവും

(പൈലററ് സ്ററഡി)

## 2016-17 വിരിപ്പ് സീസൺ





കൃഷി വകുപ്പിന്റെയും
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും
സംയുക്ത സംരംഭം















സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
തിരുവനന്തപുരം
ജൂലൈ 2017

കേരള സർക്കാർ

# പച്ചക്കറി വിളകളുടെ വിസ്തൃതിയും ഉത്പാദനവും

*(പൈലറ്റ് സ്റ്റഡി)*

# 2016-17 വിരിപ്പ് സീസൺ

**കൃഷി വകുപ്പിന്റേയും**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും**

**സംയുക്ത സംരംഭം**

---

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

തിരുവനന്തപുരം

ജൂലൈ 2017

## ആമുഖം

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പും കൃഷിവകുപ്പും സംയുക്തമായി നടത്തുന്ന പച്ചക്കറി വിളകളുടെ വിസ്തൃതിയും ഉത്പാദനവും കണക്കാക്കുന്നതിനായുള്ള പൈലറ്റ് സർവ്വെയുടെ ഒരു റിപ്പോർട്ട് – ''പച്ചക്കറി വിളകളുടെ വിസ്തൃതിയും ഉത്പാദനവും (പൈലറ്റ്സ്റ്റഡി) 2016-17–വിരിപ്പ്സീസൺ'' എന്ന പേരിൽ വകുപ്പ് പ്രസിദ്ധപ്പെടുത്തുന്നു. കൃഷിവകുപ്പ് നൽകിയ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർ സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വാമനപുരം, ചിറ്റൂർ ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലേയും പച്ചക്കറി കൃഷി ചെയ്യുന്ന തെരഞ്ഞെടുത്ത കർഷകരിൽ നിന്നും ബന്ധപ്പെട്ട ഷെഡ്യൂളുകളിൽ വിവരങ്ങൾ ശേഖരിച്ച് പച്ചക്കറിയുടെ ഉത്പാദനം - weighted mean രീതിയിൽ കണക്കാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ EARAS വിഭാഗത്തിലെ Production സെല്ലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

പൈലറ്റ് സ്റ്റഡിയിൽ ഉണ്ടായ അപാകതകൾ പരിഹരിച്ച് ഭാവി സർവ്വെ കൂടുതൽ മെച്ചപ്പെടുത്തി അതുവഴി സംസ്ഥാനത്ത് കൃഷിചെയ്യുന്ന പച്ചക്കറിയുടെ വിസ്തൃതിയും അവയുടെ ഉത്പാദനവും സംബന്ധിച്ച സ്ഥിതിവിവരകണക്ക് വളരെ കൃത്യതയോടെ ലഭ്യമാക്കുന്നതിനും അതുവഴി വരുംവർഷത്തെ പച്ചക്കറി വിളകളുടെ വിവരങ്ങൾ തയ്യാറാക്കുന്നതിനും ഈ പ്രാഥമിക സംരംഭം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

**തിരുവനന്തപുരം**
07/07/2017

## സബ് കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| 1 | ശ്രീ.വി.രാമചന്ദ്രൻ<br>ഡയറക്ടർ ജനറൽ,<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | ചെയർമാൻ |
| 2 | ഡോ.പി.രാജശേഖരൻ<br>ചീഫ് (അഗ്രികൾച്ചർ),<br>സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,<br>തിരുവനന്തപുരം | മെമ്പർ |
| 3 | ശ്രീ.എം.മധുസൂദനൻ,<br>ഡെപ്യൂട്ടി ഡയറക്ടർ ജനറൽ,<br>എൻ.എസ്.എസ്.ഒ, പൂങ്കുളം, തിരുവനന്തപുരം | മെമ്പർ |
| 4 | ശ്രീമതി.ജീജാകുമാരി.എസ് ,<br>ജോയിന്റ് ഡയറക്ടർ,<br>വെജിറ്റബിൾ സെൽ,<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | മെമ്പർ |
| 5 | ഡോ.വി.കെ.ജി.ഉണ്ണിത്താൻ,<br>പ്രൊഫസർ (റിട്ട.),<br>കാർഷിക കോളേജ്,<br>വെള്ളായണി, തിരുവനന്തപുരം | മെമ്പർ |
| 6 | ശ്രീ.പി.കൊച്ചുനാരായണ പിള്ള<br>അഡിഷണൽ ഡയറക്ടർ (റിട്ട.),<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | മെമ്പർ |
| 7 | ശ്രീ.എൻ.രാമകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ, ഇ.എ.ആർ.എ.എസ്<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | കൺവീനർ |
| 8 | ശ്രീ.ജ്യോതി ജെ വിൻസ്ലോ<br>ഡെപ്യൂട്ടി ഡയറക്ടർ,<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ,<br>ജില്ലാ ഓഫീസ്, തിരുവനന്തപുരം | മെമ്പർ |
| 9 | ശ്രീ.എ.പി.ഷോജൻ<br>ഡെപ്യൂട്ടി ഡയറക്ടർ,<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ,<br>ജില്ലാ ഓഫീസ്, പാലക്കാട് | മെമ്പർ |
| 10 | ശ്രീ.ബാലചന്ദ്രൻ.വി<br>ഡെപ്യൂട്ടി ഡയറക്ടർ,<br>കമ്പ്യൂട്ടർ ഡിവിഷൻ,<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | മെമ്പർ |

## പ്രസിദ്ധീകരണ വിഭാഗം

| | |
|---|---|
| അഡീഷണൽ ഡയറക്ടർ | കെ.ദാമോദരൻ |
| ജോയിന്റ് ഡയറക്ടർ | എൻ.രാമകൃഷ്ണൻ |
| അസിസ്റ്റന്റ് ഡയറക്ടർ | എൽ.ഗീത |
| റിസർച്ച് അസിസ്റ്റന്റ് | തങ്കമണി.കെ |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - 1 | അമ്പിളി.സി |
| | എ.അനിത കുമാരി |
| | ബി.ഭാമിനി |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | തോമസ്.കെ.വി |

## ഉള്ളടക്കം


| ക്രമ നം | ശീർഷകം | പേജ് നം. |
|---|---|---|
| 1 | പച്ചക്കറിവിളകളുടെ  ഉത്പാദനം കണക്കാക്കുന്നതിനുള്ള രീതിശാസ്ത്രം രൂപീകരിക്കൽ | 1 |
| 2 | രീതിശാസ്ത്രം | 3 |
| 3 | വിശകലനം | 6 |
| 4 | എസ്റ്റിമേഷൻ രീതി (എ)  വിസ്തൃതി (ബി)  ഉത്പാദനക്ഷമത | 7 |
| 5 | ശുപാർശ | 26 |
| **പട്ടിക** | | |
| 1 | വാമനപുരം ബ്ലോക്കിലെ പ്രധാനപ്പെട്ട പച്ചക്കറിവിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള വിസ്തൃതി | 8 |
| 2 | വാമനപുരം ബ്ലോക്കിലെ ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ രീതിയിലുള്ള  പഞ്ചായത്ത് / വിള തിരിച്ചുള്ള വിസ്തൃതി | 9 |
| 3 | വാമനപുരം ബ്ലോക്കിലെ ആകെ പച്ചക്കറിവിളകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിസ്തൃതി (ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഉൾപ്പെടെ) | 10 |
| 4 | വാമനപുരം ബ്ലോക്കിലെ വിളതിരിച്ചുള്ള ആകെ വിസ്തൃതി ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഉൾപ്പെടെ | 11 |
| 5 | വാമനപുരം ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള ഉത്പാദനം (എസ്റ്റിമേറ്റഡ്) | 12 |
| 6 | വാമനപുരം ബ്ലോക്കിലെ ഹൈടെക് / പോളി ഹൗസ്  / റെയിൻ ഷെൽറ്റർ രീതിയിലെ വിള തിരിച്ചുള്ള ഉത്പാദനം (എസ്റ്റിമേറ്റഡ്) | 14 |
| 7 | വാമനപുരം ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത്തല ഉത്പാദനം (ഹൈടെക്, പോളിഹൗസ്, റെയിൻ ഷെൽറ്റർ ഫാമിങ് ഉൾപ്പെടെ ) | 14 |
| 8 | വാമനപുരം ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ ആകെ ഉത്പാദനം (ഹൈടെക്, പോളിഹൗസ്, റെയിൻ ഷെൽറ്റർ ഫാമിങ് ഉൾപ്പെടെ ) | 15 |

| | | |
|---|---|---|
| 9 | ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള വിസ്തൃതി | 16 |
| 10 | പെരുമാട്ടി പഞ്ചായത്തിലെ പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിന്റെ വിസ്തൃതി | 18 |
| 11 | വടകരപ്പതി പഞ്ചായത്തിലെ പ്രിസിഷൻ ഫാമിങ്ങിന്റെ വിസ്തൃതി | 18 |
| 12 | ചിറ്റൂർ ബ്ലോക്കിലെ ആകെ പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിന്റെ വിസ്തൃതി | 19 |
| 13 | ചിറ്റൂർ ബ്ലോക്കിലെ ആകെ പച്ചക്കറി വിളകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിസ്തൃതി (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ) | 19 |
| 14 | ചിറ്റൂർ ബ്ലോക്കിലെ വിളതിരിച്ചുള്ള ആകെ വിസ്തൃതി (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ) | 20 |
| 15 | ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറിവിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള ഉത്പാദനം (എസ്റ്റിമേറ്റഡ്) | 21 |
| 16 | പെരുമാട്ടി പഞ്ചായത്തിലെ പ്രിസിഷൻ /പോളിഹൗസ് ഫാമിങ്ങിന്റെ ഉത്പാദനം (എസ്റ്റിമേറ്റഡ്) | 23 |
| 17 | വടകരപ്പതി പഞ്ചായത്തിലെ പ്രിസിഷൻ ഫാമിങ്ങിന്റെ ഉത്പാദനം (എസ്റ്റിമേറ്റഡ്) | 23 |
| 18 | ചിറ്റൂർ ബ്ലോക്കിലെ ആകെ പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിന്റെ ഉത്പാദനം (എസ്റ്റിമേറ്റഡ്) | 24 |
| 19 | ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത് തിരിച്ചുള്ള ആകെ ഉത്പാദനം (എസ്റ്റിമേറ്റഡ്) (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ) | 24 |
| 20 | ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ ആകെ ഉത്പാദനം (എസ്റ്റിമേറ്റഡ്) (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ) | 25 |

# പച്ചക്കറി വിളകളുടെ ഉത്പാദനം കണക്കാക്കുന്നതിനുള്ള രീതി ശാസ്ത്രം രൂപീകരിക്കൽ 2016-17 (പൈലറ്റ് സ്റ്റഡി)

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പച്ചക്കറിവിളകളുടെ വിസ്തൃതിയും അവയുടെ ഉത്പാദനത്തെയും സംബന്ധിച്ച് നിലവിൽ കൃത്യമായ സ്ഥിതിവിവരകണക്ക് ലഭ്യമല്ല. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പച്ചക്കറി വിളകൾക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുവേണ്ടി ഇന്ത്യാഗവൺമെന്റ് നടപ്പിലാക്കിയ പ്രധാൻമന്ത്രി ഫസൽ ബീമായോജന (PMFBY) പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ബഹു.അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് 21/04/2016 ന് നടന്ന എസ്.എൽ.ടി.സി യോഗത്തിൽ (2016 ഖാരിഫ് സീസൺ) കേരളത്തിലെ പച്ചക്കറിവിളകളുടെ വിസ്തൃതിയും ഉത്പാദനവും പഞ്ചായത്ത്തല ത്തിൽ നിന്ന് തന്നെ കണക്കാക്കുന്നതിനുള്ള രീതി ശാസ്ത്രം രൂപീകരിക്കുന്നതിനായി ഡിജിറ്റൽ ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള ഒരു പൈലറ്റ് സ്റ്റഡി നടത്തുവാൻ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിനോട് ആവശ്യപ്പെട്ടു. പൈലറ്റ് സ്റ്റഡിക്കായി 04/05/2016 ന് ഡയറക്ടർ ജനറൽ ചെയർമാനായും, ജോയിന്റ് ഡയറക്ടർ (EARAS) കൺവീനറായും ശ്രീ.വി.കെ.ജി. ഉണ്ണിത്താൻ, റിട്ടയേർഡ് പ്രൊഫസർ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം, ശ്രീ.പി.കൊച്ചുനാരായണപിള്ള, റിട്ടയേർഡ് അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം, ചീഫ് (അഗ്രി.), പ്ലാനിംഗ് ബോർഡ്, ജോയിന്റ് ഡയറക്ടർ, കൃഷി വകുപ്പ് (വെജിറ്റബിൾ സെൽ), ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.എസ്.എസ്.ഒ, പൂങ്കുളം, ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ല ആഫീസ്, തിരുവനന്തപുരം, പാലക്കാട്) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, എന്നിവരെ ഉൾപ്പെടുത്തി ഒരു പത്തംഗ സബ് കമ്മിറ്റി രൂപീകരിച്ചു. 23/04/2016 ന് പ്ലാനിംഗ് ബോർഡിൽ വച്ച് ഡോ.പി.രാജശേഖരൻ, ചീഫ് (അഗ്രി) യുടെ ചേമ്പറിൽ വച്ച് നടത്തിയ ചർച്ചയിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിലെ പുല്ലമ്പാറ, മാണിക്കൽ പഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി, എരുത്തേമ്പതി എന്നീ പഞ്ചായത്തുകളിലും പൈലറ്റ് സ്റ്റഡി നടത്തുവാൻ തീരുമാനമായി.

പൈലറ്റ് സ്റ്റഡി, കൃഷി വകുപ്പും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകപ്പും സംയുക്തമായി നടത്താനാണ് തീരുമാനിച്ചത്. പച്ചക്കറിവിളകളുടെ ഉത്പാദനവും വിസ്തൃതിയും സംസ്ഥാനതലത്തിൽ കണക്കാക്കാൻ വേണ്ടി നടത്തുന്ന ഒരു പൈലറ്റ് സർവ്വെയാണിത്. വിസ്തൃതിയുടെ വിവരങ്ങൾ കൃഷി വകുപ്പ് ശേഖരിച്ചു നൽകാനും വിളപരീക്ഷണങ്ങൾ നടത്തി ഉത്പാദനം കണക്കാക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവര കണക്കിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. കൃഷി വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷിയുള്ള കർഷകരുടെ ലിസ്റ്റിന്റേയും, പോളിഹൗസ് ഫാമിംഗ്, ടെറസ് ഫാമിംഗ്, പ്രിസിഷൻ ഫാമിങ് മുതലായ രീതിയിൽ കൃഷി ചെയ്തവരുടെ ലിസ്റ്റിന്റെയും അടിസ്ഥാനത്തിലാണ് സർവ്വെ നടത്തിയത്.

12/05/2016 ന് ഡയറക്ടറേറ്റിൽ ചേർന്ന സബ്കമ്മിറ്റി യോഗത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിലെ ചീഫ് (അഗ്രി.) പൈലറ്റ് സ്റ്റഡിക്ക് വേണ്ടി വരുന്ന ചെലവ് കണക്കാക്കി കൃഷിവകുപ്പിനോട് ആവശ്യപ്പെടുവാനും ബന്ധപ്പെട്ട കൃഷി വകുപ്പ് ഉദ്യോഗസ്ഥനോട് ടി തുക അനുവദിച്ചു നൽകുന്നതിനുള്ള ഉത്തരവ് നൽകാനും ആവശ്യപ്പെട്ടു. ആയത് പ്രകാരം പൈലറ്റ് സ്റ്റഡിയുടെ നടത്തിപ്പിലേക്കായി 1,30,000/- (ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ചെലവ് കണക്കാക്കി കൃഷി വകുപ്പിനോട് ആവശ്യപ്പെടുകയും പ്രസ്തുത തുക കൃഷി വകുപ്പ് അനുവദിക്കുകയും ചെയ്തു.

പൈലറ്റ് സ്റ്റഡിയുമായി ബന്ധപ്പെട്ട് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെയും അഗ്രികൾച്ചർ വകുപ്പിലെ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ നടത്തി. സർവ്വെയ്ക്കായി തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ (വാമനപുരം, ചിറ്റൂർ) എല്ലാ പഞ്ചായത്തുകളിലേയും പച്ചക്കറി കൃഷി ചെയ്യുന്ന മുഴുവൻ കർഷകരുടെയും വിളയുടെ ഇനം, സർവ്വെ നമ്പർ, വിസ്തൃതി എന്നിവ തിരിച്ചുള്ള ലിസ്റ്റ് ബന്ധപ്പെട്ട കൃഷിഭവനുകളിൽ നിന്ന് ശേഖരിച്ച് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി.

21/07/2016 ന് നടന്ന കമ്മിറ്റി യോഗത്തിൽ സർവ്വെയുടെ മെത്തഡോളജി, പട്ടിക 2, 3 ഷെഡ്യൂളുകൾ എന്നിവയുടെ അന്തിമ രൂപരേഖ തയ്യാറാക്കി. 25/08/2016 ന് സർവ്വെയുമായി

ബന്ധപ്പെട്ട പഞ്ചായത്തുകളിലെ കൃഷി ആഫീസർമാരേയും ഇൻവെസ്റ്റിഗേറ്റർമാരെയും സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരെയും മറ്റ് സബ് കമ്മിറ്റി മെമ്പർമാരെയും ഉൾപ്പെടുത്തി ഡയറക്ടറേറ്റിൽ വച്ച് ഒരു പരിശീലന പരിപാടി നടത്തി. കൃഷി വകുപ്പിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും വിളപരീക്ഷണത്തിനായി 20 കർഷകരെ വീതം തെരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ ലിസ്റ്റ്, റിസർവ്വ് ലിസ്റ്റ്, ജനറൽ ലിസ്റ്റ് എന്നിവ തയ്യാറാക്കി കർഷകരെ സെലക്ട് ചെയ്ത് അതാതു ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ചുകൊടുത്ത മുറയ്ക്ക് സർവ്വെ തുടങ്ങുകയും ചെയ്തു. 2016 ഡിസംബർ അവസാനത്തോടെ പൂരിപ്പിച്ച പട്ടിക 2, 3 എന്നീ ഷെഡ്യൂളുകൾ ഡയറക്ടറേറ്റിൽ ലഭിച്ചു. ഷെഡ്യൂളുകൾ ഡയറക്ടറേറ്റിൽ ഡേറ്റാ എൻട്രി ചെയ്ത് ഓരോ വിളയുടെയും പഞ്ചായത്ത്തല ഉത്പാദനം കണക്കാക്കി. പച്ചക്കറി വിളകളുടെ ഉത്പാദനം കണക്കാക്കുന്ന രീതിശാസ്ത്രം അന്തിമമാക്കുന്ന തിനായി 04/03/2017 ന് ഡയറക്ടറേറ്റിൽ വച്ച് നാലാമത് സബ്കമ്മിറ്റി യോഗം കൂടി വിളകളുടെ വിളവ് Weighted Mean രീതിയിൽ കണക്കാക്കാമെന്ന് തീരുമാനമായി. ഇതിന്റെ കൂടെ പ്രിസിഷൻ ഫാമിംഗ്, പോളിഹൗസ് ഫാമിംഗ്, ടെറസ് ഫാമിംഗ് തുടങ്ങിയ രീതികളിൽ കർഷകരിൽ നിന്നും ഉത്പാദനം ശേഖരിച്ചത് കൂടി സംഗ്രഹ റിപ്പോർട്ടിൽ ഉൾപ്പെടുത്താനും തീരുമാനിച്ചു.

## രീതിശാസ്ത്രം

- കൃഷി വകുപ്പും സാമ്പത്തിക സ്ഥിതിവിരകണക്ക് വകുപ്പും സംയുക്തമായി നടത്തുന്ന പച്ചക്കറി വിളകളുടെ വിസ്തൃതിയും ഉത്പാദനവും സംസ്ഥാനതലത്തിൽ കണക്കാക്കാൻ വേണ്ടി നടത്തുന്ന പൈലറ്റ് സർവ്വെയാണിത്.
- തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിലെ പുല്ലമ്പാറ, മാണിക്കൽ പഞ്ചായത്തുകളേയും പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി, എരുത്തേമ്പതി എന്നീ പഞ്ചായത്തുകളേയും പൈലറ്റ്സ്റ്റഡിക്കായി തെരഞ്ഞെടുത്തിരിക്കുന്നു.
- സാമ്പിളിംഗ് രീതിയിലൂടെ പഞ്ചായത്ത് തലത്തിൽ വിവരങ്ങൾ ശേഖരിച്ച് എസ്റ്റിമേറ്റ് ചെയ്ത് ബ്ലോക്ക്തല എസ്റ്റിമേഷനിലേയ്ക്ക് എത്തിച്ചേരുന്നു.
- മേൽപറഞ്ഞ ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലെയും 10 സെന്റിൽ കുറയാത്ത വിസ്തൃതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന മുഴുവൻ കർഷകരുടെയും വിളയുടെ ഇനം, വിസതൃതി, സർവ്വെ നമ്പർ എന്നിവ തിരിച്ചുള്ള ലിസ്റ്റ് കൃഷി വകുപ്പിൽ നിന്നും ശേഖരിച്ച് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നു.
- രണ്ട് തലത്തിലാണ് പച്ചക്കറിയുടെ വിസ്തൃതിയും ഉത്പാദനവും കണക്കാക്കുന്നത്-

(എ) വിളപരീക്ഷണം:- (4 പഞ്ചായത്തുകളിൽ) (രണ്ട് ജില്ലകളിലെ ഓരോ ബ്ലോക്കിൽ നിന്നും രണ്ട് പഞ്ചായത്ത് വീതം)

വിളപരീക്ഷണത്തിനായി ഓരോ വിളവിനും 4 വീതം വിളപരീക്ഷണങ്ങളായി പ്രധാനപ്പെട്ട 5 വിളകൾക്ക് ആകെ 20 വിളപരീക്ഷണങ്ങൾ നടത്തുന്നു. ഇതിനായി 20 കർഷകരെ (10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന) കൃഷി ഭവനിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും സിമ്പിൾ റാൻഡം സാമ്പ്ലിംഗ് രീതിയിൽ തെരഞ്ഞെടുത്തിരിക്കുന്നു.

(ബി) കർഷകർ ശേഖരിച്ച് തരുന്ന വിവരങ്ങൾ:-(രണ്ട് ബ്ലോക്കിലേയും മുഴുവൻ പഞ്ചായത്തുകൾ)

മേൽ പറഞ്ഞ 20 കർഷകരെ കൂടാതെ എല്ലാ പഞ്ചായത്തുകളിലെയും 20 കർഷകരെ വീതം (10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന) കൃഷി ഭവനിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്നു. അവർ കൃഷി ചെയ്യുന്ന ഓരോ കാലിക വിളയുടേയും വിസ്തൃതിയും ഉത്പാദനവും കർഷകർ നേരിട്ട് ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നു.

- മുകളിൽ പറഞ്ഞ 4 പഞ്ചായത്തുകളിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജീവനക്കാർ ശാസ്ത്രീയമായി വിളപരീക്ഷണത്തിലൂടെ ഉത്പാദനം കണക്കാക്കുന്നു.
- പഞ്ചായത്തിൽ കൂടുതൽ വിസ്തൃതിയിൽ കൃഷിചെയ്യുന്ന പ്രധാനപ്പെട്ട 5 വിളകളെയാണ് വിളപരീക്ഷണങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

തിരുവനന്തപുരം ജില്ല

വാമനപുരം ബ്ലോക്ക്

പുല്ലമ്പാറ പഞ്ചായത്ത് - പാവൽ, പടവലം, വെള്ളരി, പയർ, പച്ചമുളക്

മാണിക്കൽ പഞ്ചായത്ത് - പാവൽ, പടവലം, വെള്ളരി, പയർ, പച്ചമുളക്

പാലക്കാട് ജില്ല

ചിറ്റൂർ ബ്ലോക്ക്

പെരുമാട്ടി പഞ്ചായത്ത് - തക്കാളി, പച്ചമുളക്, കത്തിരി വെണ്ട, പാവൽ

എരുത്തേമ്പതി പഞ്ചായത്ത് - പയർ, വെണ്ട, വെള്ളരി, പച്ചമുളക്, കത്തിരി

- മുകളിൽ പരാമർശിച്ച 4 പഞ്ചായത്തുകൾ ഉൾപ്പെടെ വാമനപുരം, ചിറ്റൂർ എന്നീ രണ്ട് ബ്ലോക്കുകളിലേയും എല്ലാ പഞ്ചായത്തുകളിലെയും തെരഞ്ഞെടുത്ത 20 കർഷകർ നേരിട്ട് രേഖപ്പെടുത്തി ലഭ്യമാക്കിയ വിവരങ്ങളും ശേഖരിക്കുന്നു.
- മൂന്ന് സീസണുകളിലായിട്ടാണ് പച്ചക്കറി ഉത്പാദിപ്പിക്കുന്നത്. പൈലറ്റ് സ്റ്റഡിക്കായി 2016-17 കാർഷിക വർഷത്തിലെ വിരിപ്പ് കാലം തെരഞ്ഞെടുത്തിരിക്കുന്നു.

  (ജൂലൈ-ഒക്ടോബർ)
- 2016-17 കാർഷിക വർഷത്തിൽ ജൂലൈ 15 ന് ശേഷം നവംബർ 15 നുള്ളിൽ വിളവെടുപ്പ് നടത്തുന്ന വിളകളെ മാത്രം ഉത്പാദനം കണക്കാക്കാനായി പരിഗണിക്കുന്നു.
- വിളപരീക്ഷണം നടത്തുന്നത് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഇൻവെസ്റ്റിഗേറ്ററുടെ സാന്നിദ്ധ്യത്തിൽ തെരഞ്ഞെടുത്ത കർഷകരുടെ സഹായത്തോടെയാണ്.
- വിവരങ്ങൾ രേഖപ്പെടുത്താൻ താഴെ പറയുന്ന 1 മുതൽ 4 വരെ ഷെഡ്യൂളുകൾ ഉപയോഗിച്ചു.

  **1.ലിസ്റ്റിംഗ്:-** കൃഷി വകുപ്പിൽ നിന്നും ലഭിക്കുന്ന 10 സെന്റിൽ കുറയാതെ കൃഷിചെയ്യുന്ന കർഷകരുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

  **2.വിളപരീക്ഷണ ഷെഡ്യൂൾ:-** ഇൻവെസ്റ്റിഗേറ്ററുടെ സാന്നിദ്ധ്യത്തിൽ വിളപരീക്ഷണം നടത്തി ക്രോഡീകരിച്ചത്.

  **3.കർഷകർ ശേഖരിച്ച് തരുന്ന വിവരങ്ങൾ:-** ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും 20 കർഷകരെ വീതം തെരഞ്ഞെടുത്ത് വിളകളുടെ വിസ്തൃതിയും ഉത്പാദനവും കർഷകർ രേഖപ്പെടുത്തിയത് ശേഖരിച്ചത്.

  **4.സംഗ്രഹ ഷെഡ്യൂൾ:-** വിളപരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പച്ചക്കറി ഉത്പാദനം ക്രോഡീകരിച്ച ഷെഡ്യൂൾ.
- ഇതിനുപുറമെ പ്രിസിഷൻ ഫാമിംഗ്, പോളി ഹൗസ് ഫാമിംഗ്, ടെറസ് ഫാമിങ് രീതികൾ അവലംബിയ്ക്കുന്ന കർഷകരിൽ നിന്നും ഉത്പാദനം ശേഖരിച്ചതുൾപ്പെടെ സംഗ്രഹ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു.

GPS സംവിധാനത്തിന്റെ പ്രയോജനം ഫലവത്താണോ എന്ന് പരിശോധിക്കുന്നതിന് 2 ജില്ലകളിലും ആൻഡ്രോയ്ഡ് ഫോൺ ഉപയോഗിച്ചു. വിളപരീക്ഷണം നടത്തുന്ന സമയത്ത് വിളകളുടെ തൂക്കം കൃത്യമായി ലഭിക്കാൻ വേണ്ടി ചിറ്റൂർ, വാമനപുരം ബ്ലോക്കുകളിലേക്ക് ഓരോ ഇലക്ട്രോണിക് വെയിങ് മെഷിൻ നൽകി. സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് അധിക ജോലിഭാരം ഉണ്ടാകാത്ത വിധത്തിൽ കർഷകരുടെ സഹകരണത്തോടെ സാമ്പിളിംഗ് രീതിയിലാണ് പൈലറ്റ് സർവ്വെ നടത്തിയത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറുടെയും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്ററുടെയും സംയുക്തമായ മേൽനോട്ടത്തിലാണ് സർവ്വെ നടത്തിയത്. ശേഖരിച്ച വിവരത്തിന്റെ കൃത്യത, സൂക്ഷ്മത, സമഗ്രത എന്നിവ ഉറപ്പ് വരുത്തേണ്ടത് കൃഷി വകുപ്പിന്റെ സഹകരണത്തോടെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ഉത്തരവാദിത്ത മായതിനാലും ആദ്യമായി നടത്തുന്ന സംരംഭം എന്ന നിലയ്ക്ക് അതീവ ശ്രദ്ധയും ജാഗ്രതയും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതിനാലും ഡയറക്ടറേറ്റ്തല ഇടപെടൽ സജീവമായി ഉണ്ടായി.

**വിശകലനം**

പാലക്കാട് വരൾച്ച ബാധിച്ച ജില്ലയായതിനാലും സീസൺ അടുപ്പിച്ച് സർവ്വെ തുടങ്ങിയതിനാലും വിളപരീക്ഷണങ്ങൾക്കായി കർഷകരെ ലഭിക്കാൻ ബുദ്ധിമുട്ടായി. കൃഷി വകുപ്പിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും വളരെ കുറച്ച് കർഷകരെ മാത്രമേ ലഭ്യമായുള്ളൂ. സർവ്വെ തുടങ്ങുമ്പോൾത്തന്നെ സെലക്ട് ചെയ്ത വിളകളായ തക്കാളിയുടെയും, വെള്ളരിയുടെയും വിളപരീക്ഷണങ്ങൾ ഏകദേശം കഴിഞ്ഞിരുന്നു. വരൾച്ചമൂലം പയറിന്റെ ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്തു. ഈ വക കാര്യങ്ങളെല്ലാം തന്നെ പാലക്കാട് ജില്ലയിലെ പച്ചക്കറിയുടെ ഉത്പാദനത്തെ ബാധിച്ചു.

വിരിപ്പ് സീസണിന്റെ പീക്ക് യീൽഡ് കഴിഞ്ഞശേഷമാണ് ഡിപ്പാർട്ട്മെന്റ് സർവ്വെ തുടങ്ങിയതെന്നും നവംബർ 15 വരെ കാലാവധി നിശ്ചയിച്ചതിനാൽ അടുത്ത സീസണിന്റെ പീക്ക് യീൽഡ് എത്തുന്നതിന് മുമ്പ് സർവ്വെയുടെ കാലവധി തീരുകയും ചെയ്തതിനാൽ സർവ്വെപ്രകാരം ബ്ലോക്കുകളിലെ മൊത്തം ഉത്പാദനം കണക്കാക്കിയതിൽ നേരിയ വ്യത്യാസമുണ്ടാകും എന്ന് ബന്ധപ്പെട്ട ജില്ലാ അധികാരികൾ അറിയിച്ചിരുന്നു.

## എസ്റ്റിമേഷൻ രീതി

### എ. വിസ്തൃതി

പച്ചക്കറി വിളകളുടെ ഉത്പാദനം ബ്ലോക്ക്തലത്തിൽ എസ്റ്റിമേറ്റ് ചെയ്യാൻ പച്ചക്കറിയുടെ ഇനം തിരിച്ചുള്ള വിസ്തൃതി മുഴുവനായും കൃഷി വകുപ്പ് കൃഷിഭവനിലൂടെ ശേഖരിച്ച് നൽകി. (പ്രിസിഷൻ ഫാമിംഗ്, പോളിഹൗസ് ഫാമിംഗ്, ടെറസ് ഫാമിംഗ് എന്നിവ ഉൾപ്പെടെ)

### ബി. ഉത്പാദനക്ഷമത

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ ഓരോ വിളകൾക്കും പ്രത്യേകം പ്രത്യേകം വിളപരീക്ഷണങ്ങൾ നടത്തി ഉത്പാദനക്ഷമത കണ്ടെത്തി.


ഓരോ വിളകൾക്കും വിളപരീക്ഷണങ്ങളിലൂടെ ലഭിച്ച സാമ്പിൾ ഏരിയ, ഉത്പാദനം ഇവയിൽ നിന്നും ലഭിച്ച യീൽഡ്, പഞ്ചായത്തിലെ ഓരോ വിളയുടേയും ആകെ വിസ്തൃതി ഇവ ഉപയോഗിച്ച് വിളപരീക്ഷണം നടത്തിയ പഞ്ചായത്തുകൾക്കും മറ്റ് പഞ്ചായത്തുകൾക്കും പ്രത്യകമായി Weighted Mean കണക്കാക്കി ആകെ ഏരിയയിലുള്ള ഉത്പാദനം ഓരോ പഞ്ചായത്തിലും കണക്കാക്കുകയാണുണ്ടായത്. ഇതിനോടൊപ്പം അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച പ്രിസിഷൻ ഫാമിംഗ്, പോളിഹൗസ് ഫാമിംഗ്, ടെറസ് ഫാമിംഗ് എന്നിവ ഓരോ പഞ്ചായത്തിലും ഉൾപ്പെടുത്തി ബ്ലോക്കിലെ ആകെ വിസ്തൃതിയും ഉത്പാദനവും കണക്കാക്കിയിരിക്കുന്നു.

## എ) വിസ്തൃതി


### 1. വാമനപുരം ബ്ലോക്കിലെ പ്രധാനപ്പെട്ട പച്ചക്കറിവിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള വിസ്തൃതി (ഹെക്ടറിൽ)

| വിള / പഞ്ചായത്ത് | മാണിക്കൽ | പുല്ലംപാറ | കല്ലറ | പാങ്ങോട് | പെരിങ്ങമ്മല | നന്ദിയോട് | നെല്ലനാട് | വാമനപുരം | ആകെ |
|---|---|---|---|---|---|---|---|---|---|
| പയർ | **2.450** | **5.300** | **1.400** | **0.450** | **0.380** | **0.500** | **0.950** | **1.150** | **12.580** |
| വെള്ളരി | 6.520 | 4.340 | 0.960 | 0.200 | 0.300 | 1.160 | 0.400 | 0.450 | **14.330** |
| പാവൽ | 1.660 | 3.480 | 1.020 | 0.250 | 0.200 | 0.306 | 0.060 | 0.340 | **7.316** |
| പടവലം | 4.840 | 4.160 | 1.482 | 0.300 | 0.480 | 0.820 | 0.360 | 0.512 | **12.954** |
| മുളക് | 0.130 | 0.360 | 0.020 | 5.000 | 0.180 | 0.000 | 0.080 | 0.000 | **5.770** |
| ചീര | 0.000 | 0.000 | 0.000 | 0.000 | 0.000 | 0.130 | 0.180 | **0.000** | **0.310** |
| ആകെ | **15.600** | **17.640** | **4.882** | **6.200** | **1.540** | **2.916** | **2.030** | **2.452** | **53.260** |

വാമനപുരം ബ്ലോക്കിൽ പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ പഞ്ചായത്ത് തല വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദിപ്പിക്കുന്നത് പുല്ലംപാറ പഞ്ചായത്തിലാണ്.പ്രസ്തുത വിസ്തൃതിയുടെ 33% പച്ചക്കറി വ്യാപിച്ചുകിടക്കുന്നത് പുല്ലംപാറ പഞ്ചായത്തിലാണ്. ഏറ്റവും കുറവ് പെരിങ്ങമ്മല പഞ്ചായത്തിലും (3%) ആണ്.




പരമ്പരാഗത പച്ചക്കറികൃഷിയുടെ വിസ്തൃതിയിൽ 27% വും വെള്ളരിയാണ്. പ്രസ്തുത രീതിയിലെ പച്ചക്കറി കൃഷിയിൽ വെള്ളരി, പടവലം, പയർ എന്നീ വിളകൾ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങളിലാണ്.




## 2. വാമനപുരം ബ്ലോക്കിലെ ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ രീതിയിലുള്ള പഞ്ചായത്ത് / വിള തിരിച്ചുള്ള വിസ്തൃതി (ഹെക്ടറിൽ)

| വിള / പഞ്ചായത്ത് | മാണിക്കൽ | കല്ലറ | പാങ്ങോട് | പെരിങ്ങമല | നന്ദിയോട് | വാമനപുരം | ആകെ |
|---|---|---|---|---|---|---|---|
| **പയർ** | **0.070** | **0.000** | **0.064** | **0.000** | **0.024** | **0.002** | **0.160** |
| **വെള്ളരി** | 0.270 | 0.000 | 0.000 | 0.400 | 0.030 | 0.000 | 0.700 |
| **പാവൽ** | 0.000 | 0.000 | 0.000 | 0.000 | 0.006 | 0.000 | 0.006 |
| **പടവലം** | 0.000 | 0.002 | 0.000 | 0.000 | 0.000 | 0.002 | 0.004 |
| **മുളക്** | 0.000 | 0.001 | 0.004 | 0.000 | 0.001 | 0.002 | 0.007 |
| **ചീര** | 0.000 | 0.000 | 0.000 | 0.000 | 0.002 | 0.000 | 0.002 |
| **വെണ്ട** | 0.000 | 0.002 | 0.000 | 0.000 | 0.010 | 0.000 | 0.012 |
| **കത്തിരി** | 0.000 | 0.000 | 0.003 | 0.000 | 0.008 | 0.002 | 0.013 |
| **ആകെ** | **0.340** | **0.004** | **0.070** | **0.400** | **0.081** | **0.008** | **0.903** |

വാമനപുരം ബ്ലോക്കിൽ പുല്ലംപാറ, നെല്ലനാട് എന്നീ പഞ്ചായത്തുകളിൽ ഹൈടെക്ക് / പോളിഹൗസ് / റെയിൻഷെൽറ്റർ രീതിയിൽ കൃഷി ചെയ്യുന്നില്ല. ആകെ 0.903 ഹെക്ടർ വിസ്തൃതിയിൽ ഈ രീതിയിൽ കൃഷി ചെയ്തിരുന്നു. പ്രസ്തുത ബ്ലോക്കിൽ ഏറ്റവും കൂടുതൽ മാണിക്കൽ പഞ്ചായത്തിലാണ് കൃഷിയുള്ളത് (0.340 ഹെക്ടർ). ഏറ്റവും കുറവ് വിസ്തൃതി കല്ലറ പഞ്ചായത്തിലാണ് (0.004 ഹെക്ടർ).


## 3.വാമനപുരം ബ്ലോക്കിലെ ആകെ പച്ചക്കറി വിളകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിസ്തൃതി (ഹെക്ടറിൽ) (ഹൈടെക്, പോളിഹൗസ് റെയിൻ ഷെൽട്ടർ ഉൾപ്പെടെ)

വാമനപുരം ബ്ലോക്കിൽ 17.64 ഹെക്ടർ വിസ്തൃതിയുമായി പുല്ലംപാറ പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ കൃഷിയുള്ളത്. ഏറ്റവും കുറഞ്ഞ വിസ്തൃതി 1.94 ഹെക്ടറുമായി പെരിങ്ങമ്മല പഞ്ചായത്താണ്. പുല്ലംപാറ, നെല്ലനാട് പഞ്ചായത്തൊഴികെ ആറ് പഞ്ചായത്തുകളിലായി 0.903 ഹെക്ടർ വിസ്തൃതിയിലാണ് വാമനപുരം ബ്ലോക്കിൽ നൂതന കൃഷി സമ്പ്രദായത്തിലൂടെ കൃഷിചെയ്തിട്ടുള്ളത്.

ബ്ലോക്കിൽ പരമ്പരാഗത കൃഷിസമ്പ്രദായത്തിലായി 53.260 ഹെക്ടറിലും നൂതന കൃഷി സമ്പ്രദായങ്ങളിലായി 0.903 ഹെക്ടറിലും ആകെ 54.163 ഹെക്ടറിലായി വിവിധ പച്ചക്കറികൾ കൃഷിചെയ്തിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.


| പഞ്ചായത്ത് | വിസ്തൃതി | ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ | ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഉൾപ്പെടെ ആകെ വിസ്തൃതി |
|---|---|---|---|
| **മാണിക്കൽ** | 15.600 | 0.34 | 15.940 |
| **പുല്ലംപാറ** | 17.640 | 0.00 | 17.640 |
| **കല്ലറ** | 4.882 | 0.004 | 4.886 |
| **പാങ്ങോട്** | 6.200 | 0.070 | 6.270 |
| **പെരിങ്ങമല** | 1.540 | 0.400 | 1.940 |
| **നന്ദിയോട്** | 2.916 | 0.081 | 2.997 |
| **നെല്ലനാട്** | 2.030 | 0.000 | 2.030 |
| **വാമനപുരം** | 2.452 | 0.008 | 2.460 |
| **ആകെ** | **53.260** | **0.903** | **54.163** |

.




**4. വാമനപുരം ബ്ലോക്കിലെ വിളതിരിച്ചുള്ള ആകെ വിസ്തൃതി ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഉൾപ്പെടെ (ഹെക്ടറിൽ)**

| വിള | വിസ്തൃതി | ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ | ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഉൾപ്പെടെ ആകെ വിസ്തൃതി |
|---|---|---|---|
| പയർ | 12.580 | 0.160 | 12.740 |
| വെള്ളരി | 14.330 | 0.700 | 15.030 |
| പാവൽ | 7.316 | 0.006 | 7.322 |
| പടവലം | 12.954 | 0.004 | 12.958 |
| മുളക് | 5.770 | 0.007 | 5.777 |
| ചീര | 0.310 | 0.002 | 0.312 |
| വെണ്ട | 0.000 | 0.012 | 0.012 |
| കത്തിരി | 0.000 | 0.013 | 0.013 |
| ആകെ | **53.260** | **0.903** | **54.163** |




ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഫാമിങ് ഉൾപ്പെടെ ബ്ലോക്കിൽ 15.03 ഹെക്ടറിലായി വെള്ളരി കൃഷിനടത്തിയിട്ടുണ്ട്. രണ്ടാം സ്ഥാനത്തായി 12.958 ഹെക്ടറിൽ പടവലം കൃഷിചെയ്തിരുന്നു.


വിവിധ വിളകളിലായി ഹൈടെക് പോളിഹൗസ് / റെയിൻ ഷെൽറ്റർ ഫാമിങ്ങിലൂടെ വാമനപുരം ബ്ലോക്കിൽ 54.163 ഹെക്ടർ വിസ്തൃതിയിൽ കൃഷിചെയ്തിട്ടുണ്ട്. ഇതിൽ വെള്ളരി, പടവലം, പയർ, പാവൽ എന്നിവ യഥാക്രമം 15.03, 12.958, 12.74, 7.322 ഹെക്ടറുകളിലായി കൃഷിചെയ്തിട്ടുണ്ട്.

### ബി) ഉത്പാദനം (എസ്റ്റിമേറ്റഡ് )


### 1.വാമനപുരം ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള ഉത്പാദനം (ടൺ)

| വിള / പഞ്ചായത്ത് | മാണിക്കൽ | പുല്ലംപാറ | കല്ലറ | പാങ്ങോട് | പെരിങ്ങമല | നന്ദിയോട് | നെല്ലനാട് | വാമനപുരം | ആകെ |
|---|---|---|---|---|---|---|---|---|---|
| **പയർ** | 12.960 | 28.030 | 4.750 | 1.530 | 1.290 | 1.700 | 3.220 | 3.900 | 57.380 |
| **വെള്ളരി** | 158.460 | 105.480 | 19.990 | 4.170 | 6.250 | 24.160 | 8.330 | 9.370 | 336.210 |
| **പാവൽ** | 39.970 | 83.800 | 10.040 | 2.460 | 1.970 | 2.950 | 0.590 | 3.350 | 145.130 |
| **പടവലം** | 212.920 | 183.010 | 24.020 | 4.870 | 7.790 | 13.310 | 5.840 | 8.280 | 460.040 |
| **മുളക്** | 0.270 | 0.760 | 0.020 | 4.200 | 0.150 | 0.000 | 0.070 | 0.000 | 5.470 |
| **ചീര** | 0.000 | 0.000 | 0.000 | 0.000 | 0.000 | 0.530 | 0.730 | 0.000 | 1.260 |
| **ആകെ** | **424.580** | **401.080** | **58.820** | **17.230** | **17.450** | **42.650** | **18.780** | **24.900** | **1005.490** |

പരമ്പരാഗത കൃഷി സമ്പ്രദായത്തിലൂടെ വാമനപുരം ബ്ലോക്കിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദനം ഉണ്ടായത് മാണിക്കൽ പഞ്ചായത്തിലാണ്. പ്രസ്തുത പഞ്ചായത്തിൽ വിവിധ വിളകളിലായി 424.58 ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്. ഏറ്റവും കുറവ് പാങ്ങോട് പഞ്ചായത്തിലാണ് 17.23 ടൺ.




വാമനപുരം ബ്ലോക്കിന്റെ പരമ്പരാഗത കൃഷിരീതിയിൽ വിളതിരിച്ചുള്ള ഉത്പാദനം കണക്കാക്കുമ്പോൾ ഏറ്റവും കൂടുതലുള്ളത് പടവലം ആണ് (460.040ടൺ). രണ്ടാംസ്ഥാനത്ത് 336.21 ടൺ ഉത്പാദനവുമായി വെള്ളരിയാണ്. ഏറ്റവും കുറവ് ഉത്പാദനം 1.26 ടണ്ണുമായി ചീരയാണ്.



### 2. വാമനപുരം ബ്ലോക്കിലെ ഹൈടക് / പോളി ഹൗസ് / റെയിൻ ഷെൽറ്റർ രീതിയിലെ വിള തിരിച്ചുള്ള ഉത്പാദനം (ടണ്ണിൽ)


| വിള | മാണിക്കൽ | കല്ലറ | പാങ്ങോട് | പെരിങ്ങമല | നന്ദിയോട് | വാമനപുരം | ആകെ |
|---|---|---|---|---|---|---|---|
| പയർ | 2.800 | 0.000 | 3.290 | 0.000 | 0.460 | 0.025 | 6.575 |
| വെള്ളരി | 13.780 | 0.000 | 0.000 | 20.000 | 1.500 | 0.000 | 35.280 |
| പാവൽ | 0.000 | 0.000 | 0.000 | 0.000 | 0.100 | 0.000 | 0.100 |
| പടവലം | 0.000 | 0.020 | 0.000 | 0.000 | 0.000 | 0.015 | 0.035 |
| മുളക് | 0.000 | 0.003 | 0.035 | 0.000 | 0.010 | 0.035 | 0.083 |
| ചീര | 0.000 | 0.000 | 0.000 | 0.000 | 0.100 | 0.000 | 0.100 |
| വെണ്ട | 0.000 | 0.010 | 0.000 | 0.000 | 0.400 | 0.000 | 0.410 |
| കത്തിരി | 0.000 | 0.000 | 0.075 | 0.000 | 0.200 | 0.015 | 0.290 |
| **ആകെ** | **16.580** | **0.033** | **3.400** | **20.000** | **2.770** | **0.090** | **42.873** |

- വാമനപുരം ബ്ലോക്കിൽ ഹൈടക് /പോളിഹൗസ് / റെയിൻ ഷെൽറ്റർ ഫാമിങ്ങിലൂടെ ഏറ്റവും കൂടുതൽ ഉത്പാദനം നടത്തിയിട്ടുള്ളത് പെരിങ്ങമല പഞ്ചായത്തിലാണ്. ആകെ ഉത്പാദനത്തിന്റെ 4.7% പ്രസ്തുത പഞ്ചായത്തിലാണ്.
- നൂതന കൃഷി സമ്പ്രദായങ്ങളിലായി വാമനപുരം ബ്ലോക്കിലെ വിള തിരിച്ചുള്ള ഉത്പാദനം താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ഉത്പാദനം ഉള്ളത് വെള്ളരിയ്ക്കാണ് (83%). കുറഞ്ഞ ഉത്പാദനം ചീര കൃഷിയിലാണ് (0.2%).
- ബ്ലോക്കിൽ ആറ് പഞ്ചായത്തുകളിൽ വിവിധ വിളകളിലായി 42.873 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കപ്പെടുന്നു.

### 3.വാമനപുരം ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത്തല ആകെ ഉത്പാദനം (ഹൈടെക്/പോളിഹൗസ് /റെയിൻ ഷെൽറ്ററിങ് ഫാമിങ് ഉൾപ്പെടെ ) ടണ്ണിൽ

| പഞ്ചായത്ത് | ഉത്പാദനം | ഹൈടെക് / പോളിഹൗസ് / റെയിൻ ഷെൽറ്റർ ഉത്പാദനം | ആകെ |
|---|---|---|---|
| മാണിക്കൽ | 424.580 | 16.580 | 441.160 |
| പുല്ലംപാറ | 401.080 | 0.000 | 401.080 |
| കല്ലറ | 58.820 | 0.033 | 58.853 |
| പാങ്ങോട് | 17.230 | 3.400 | 20.630 |
| പെരിങ്ങമല | 17.450 | 20.000 | 37.450 |
| നന്ദിയോട് | 42.650 | 2.770 | 45.420 |
| നെല്ലനാട് | 18.780 | 0.000 | 18.780 |
| വാമനപുരം | 24.900 | 0.090 | 24.990 |
| **ആകെ** | **1005.490** | **42.873** | **1048.363** |


വാമനപുരം ബ്ലോക്കിൽ പരമ്പരാഗത കൃഷിയിലും നൂതന കൃഷിരീതിയിലുമായി ആകെ 1048.363 ടൺ പച്ചക്കറി ഉത്പാദനം ഉണ്ടായിട്ടുണ്ട്. 441.160 ടൺ ഉത്പാദനവുമായി മാണിക്കൽ പഞ്ചായത്താണ് ഏറ്റവും മുന്നിൽ. ഏറ്റവും കുറഞ്ഞ ഉത്പാദനം നെല്ലനാട് പഞ്ചായത്തിലാണ് 18.780 ടൺ.




### 4. വാമനപുരം ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ ആകെ ഉത്പാദനം (ടണ്ണിൽ ) (ഹൈടെക്, പോളിഹൗസ് റെയിൻ ഷെൽറ്ററിങ് ഫാമിങ് ഉൾപ്പെടെ )

| വിള | ഉത്പാദനം | ഹൈടെക് പോളിഹൗസ് / റെയിൻ ഷെൽറ്റർ | ആകെ |
|---|---|---|---|
| **പയർ** | 57.380 | 6.575 | 63.955 |
| **വെള്ളരി** | 336.210 | 35.280 | 371.490 |
| **പാവൽ** | 145.130 | 0.100 | 145.230 |
| **പടവലം** | 460.040 | 0.035 | 460.075 |
| **മുളക്** | 5.470 | 0.083 | 5.553 |
| **ചീര** | 1.260 | 0.100 | 1.360 |
| **വെണ്ട** | 0.000 | 0.410 | 0.410 |
| **കത്തിരി** | 0.000 | 0.290 | 0.290 |
| **ആകെ** | **1005.490** | **42.873** | **1048.363** |

ബ്ലോക്കിൽ എട്ട് വിളകളിലായി ആകെ 1048.363 ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്. ആകെ ഉത്പാദനത്തിന്റെ 44% പടവലം കൃഷിയിലാണ്. ഏറ്റവും കുറഞ്ഞ ഉത്പാദനം 0.03% ആയ കത്തിരി കൃഷിയിലാണ്.





## എ) വിസ്തൃതി


1. **ചിറ്റൂർ ബ്ലോക്കിലെ പ്രധാനപ്പെട്ട പച്ചക്കറി വിളകളുടെ പഞ്ചായത്ത് / വിള തിരിച്ചുള്ള വിസ്തൃതി (ഹെക്ടറിൽ)**

| പഞ്ചായത്ത് / വിള | പെരുമാട്ടി | എരുത്തംമ്പതി | എലപ്പുള്ളി | കൊഴിഞ്ഞാമ്പാറ | നല്ലേപ്പിള്ളി | വടകര പ്പതി | പൊൽപ്പുള്ളി | ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി | ആകെ |
|---|---|---|---|---|---|---|---|---|---|
| മുളക് | 3.20 | 5.70 | 0.72 | 3.16 | 0.98 | 5.60 | 0.22 | 0.00 | 19.58 |
| കത്തിരി | 4.20 | 2.40 | 0.28 | 1.42 | 0.70 | 0.85 | 0.48 | 10.33 | 20.66 |
| വെണ്ട | 2.00 | 7.20 | 1.72 | 56.74 | 2.16 | 2.85 | 0.30 | 0.20 | 73.17 |
| പാവൽ | 4.30 | 0.40 | 0.80 | 0.20 | 1.60 | 3.15 | 0.00 | 0.40 | 10.85 |
| തക്കാളി | 11.30 | 1.26 | 0.20 | 0.00 | 0.12 | 8.55 | 0.04 | 0.00 | 21.47 |
| പയർ | 1.40 | 18.56 | 0.48 | 1.17 | 1.88 | 8.80 | 0.54 | 0.00 | 32.83 |
| വെള്ളരി | 0.00 | 2.30 | 0.20 | 0.00 | 0.00 | 0.00 | 0.00 | 0.00 | 2.50 |
| കുമ്പളം | 0.00 | 0.00 | 0.00 | 1.54 | 4.00 | 0.00 | 0.00 | 0.00 | 5.54 |
| പടവലം | 0.00 | 0.00 | 0.00 | 0.00 | 0.00 | 1.15 | 0.00 | 0.00 | 1.15 |
| ആകെ | **26.40** | **37.82** | **4.40** | **64.23** | **11.44** | **30.95** | **1.58** | **10.93** | **187.75** |

ചിറ്റൂർ ബ്ലോക്കിൽ വിവിധ വിളകളിലായി പരമ്പരാഗത കൃഷിരീതിയിലൂടെ 187.75 ഹെക്ടർ വിസ്തൃതിയിൽ കൃഷിചെയ്യുന്നു. ചിറ്റൂർ ബ്ലോക്കിൽ കൃഷിചെയ്യുന്ന പ്രധാന വിളകളുടെ പഞ്ചായത്ത് തല വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചക്കറിയുള്ളത് കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലാണ്




ആകെ വിസ്തൃതിയുടെ 34% പച്ചക്കറിയുടെ വ്യാപ്തി കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലാണ് ഏറ്റവും കുറവ് പൊൽപ്പുള്ളി പഞ്ചായത്തിലും (0.84%) ആണ്




- പരമ്പരാഗത കൃഷി സമ്പ്രദായത്തിലൂടെ പച്ചക്കറി കൃഷിചെയ്യുന്ന വിസ്തൃതിയുടെ 39% വും വെണ്ട കൃഷിയാണ്
- ബ്ലോക്കിലെ വിവിധ പച്ചക്കറി വിളകളുടെ വിസ്തൃതിയിൽ വെണ്ട, പയർ, തക്കാളി എന്നിവ യഥാക്രമം 1, 2, 3 സ്ഥാനങ്ങളിലാണ് ഉള്ളത്.

## 2. പെരുമാട്ടി പഞ്ചായത്തിലെ പ്രിസിഷൻ / പോളിഹൗസ് ഫാമിങിന്റെ വിസ്തൃതി

ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി പഞ്ചായത്തിൽ നൂതന കൃഷി സമ്പ്രദായങ്ങളിലൂടെ (പ്രിസിഷൻ / പോളിഹൗസ്) 9 വിളകളിലായി 4.83 ഹെക്ടർ വിസ്തൃതിയിൽ പച്ചക്കറി കൃഷിചെയ്തിട്ടുണ്ട്. പ്രസ്തുത കൃഷി സമ്പ്രദായത്തിലൂടെ തക്കാളിയാണ് ഏറ്റവും കൂടുതലായി കൃഷിചെയ്യുന്നത്.

| വിളയുടെ പേര് | പ്രിസിഷൻ / പോളിഹൗസ് വിസ്തൃതി (ഹെക്ടർ) |
|---|---|
| മുളക് | 0.70 |
| കത്തിരി | 0.50 |
| വെണ്ട | 0.20 |
| പാവൽ | 0.80 |
| തക്കാളി | 1.61 |
| പയർ | 0.10 |
| വെള്ളരി | 0.12 |
| കുമ്പളം | 0.40 |
| പടവലം | 0.40 |
| ആകെ | **4.83** |

## 3. വടകരപ്പതി പഞ്ചായത്തിലെ പ്രിസിഷൻ ഫാമിങിന്റെ വിസ്തൃതി

| വിളയുടെ പേര് | പ്രിസിഷൻ / പോളിഹൗസ് ഫാമിങ് വിസ്തൃതി (ഹെക്ടർ) |
|---|---|
| മുളക് | 0.4 |
| പാവൽ | 1.4 |
| തക്കാളി | 2.9 |
| പയർ | 0.3 |
| ആകെ | **5.0** |

ചിറ്റൂർ ബ്ലോക്കിലെ വടകരപ്പതി പഞ്ചായത്തിൽ ഏകദേശം 5 ഹെക്ടർ വിസ്തൃതിയിൽ പ്രിസിഷൻ / പോളി ഹൗസ് ഫാമിങ്ങിലൂടെ കൃഷിചെയ്തിണ്ട്. തക്കാളിയും പാവലും യഥാക്രമം 2.9 ഹെക്ടറിലും 1.4 ഹെക്ടറിലും കൃഷി ആയി ചെയ്തിട്ടുണ്ട്.


## 4.ചിറ്റൂർ ബ്ലോക്കിലെ ആകെ പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിന്റെ വിസ്തൃതി

ബ്ലോക്കിൽ രണ്ട് പഞ്ചായത്തുകളിൽ മാത്രമേ നൂതന കൃഷി സമ്പ്രദായങ്ങളായ പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിലൂടെയുള്ള പച്ചക്കറികൃഷിയുള്ളത്. പ്രസ്തുത പഞ്ചായത്തുകളിൽ വിവിധ വിളകളിലായി 9.83 ഹെക്ടർ കൃഷി ചെയ്തിരുന്നു. വിശദവിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വിളയുടെ പേര് | പ്രിസിഷൻ / പോളിഹൗസ് ഫാമിങ് വിസ്തൃതി (ഹെക്ടർ) |
|---|---|
| മുളക് | 1.10 |
| കത്തിരി | 0.50 |
| വെണ്ട | 0.20 |
| പാവൽ | 2.20 |
| തക്കാളി | 4.51 |
| പയർ | 0.40 |
| വെള്ളരി | 0.12 |
| കുമ്പളം | 0.40 |
| പടവലം | 0.40 |
| ആകെ | **9.83** |

## 5. ചിറ്റൂർ ബ്ലോക്കിലെ ആകെ പച്ചക്കറിവിളകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിസ്തൃതി പ്രിസിഷൻ / പോളിഹൗസ് വിസ്തൃതി ഉൾപ്പെടെ (ഹെക്ടറിൽ)


| പഞ്ചായത്ത് | പച്ചക്കറിയുടെ വിസ്തൃതി | പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിലെ വിസ്തൃതി | പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിലെ ഉൾപ്പെടെ ആകെ വിസ്തൃതി |
|---|---|---|---|
| പെരുമാട്ടി | 26.40 | 4.83 | 31.23 |
| എരുത്തേംപതി | 37.82 | 0.00 | 37.82 |
| ഏലപ്പുള്ളി | 4.40 | 0.00 | 4.40 |
| കൊഴിഞ്ഞാമ്പാറ | 64.23 | 0.00 | 64.23 |
| നല്ലേപ്പിള്ളി | 11.44 | 0.00 | 11.44 |
| വടകരപ്പതി | 30.95 | 5.00 | 35.95 |
| പൊൽപ്പുള്ളി | 1.58 | 0.00 | 1.58 |
| ചിറ്റൂർ- തത്തമംഗലം മുനിസിപ്പാലിറ്റി | 10.93 | 0.00 | 10.93 |
| ആകെ | **187.75** | **9.83** | **197.58** |




ബ്ലോക്കിൽ പരമ്പരാഗതകൃഷി സമ്പ്രദായത്തിലായി 187.75 ഹെക്ടറിലും നൂതന കൃഷി സമ്പ്രദായങ്ങളിലായി 9.83 ഹെക്ടറിലും ആകെ 197.58 ഹെക്ടറിൽ വിവിധ പച്ചക്കറികൾ കൃഷി ചെയ്തിട്ടുണ്ട്. ബ്ലോക്കിൽ 64.23 ഹെക്ടർ വിസ്തൃതിയുമായി കൊഴിഞ്ഞാമ്പാറ പഞ്ചായത്താണ് പച്ചക്കറി കൃഷിയുടെ ഒന്നാം സ്ഥാനത്ത് ഉള്ളത്. ഏറ്റവും കുറഞ്ഞ വിസ്തൃതി പൊൽപ്പുള്ളി പഞ്ചായത്തിലുമാണ് (1.58 ഹെക്ടറിൽ)

## 6.ചിറ്റൂർ ബ്ലോക്കിലെ വിളതിരിച്ചുള്ള ആകെ വിസ്തൃതി (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ) (ഹെക്ടറിൽ)

| വിള | പച്ചക്കറിയുടെ വിസ്തൃതി | പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിന്റെ വിസ്തൃതി | പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ ആകെ വിസ്തൃതി |
|---|---|---|---|
| മുളക് | 19.58 | 1.10 | 20.68 |
| കത്തിരി | 20.66 | 0.50 | 21.16 |
| വെണ്ട | 73.17 | 0.20 | 73.37 |
| പാവൽ | 10.85 | 2.20 | 13.05 |
| തക്കാളി | 21.47 | 4.51 | 25.98 |
| പയർ | 32.83 | 0.40 | 33.23 |
| വെള്ളരി | 2.50 | 0.12 | 2.62 |
| കുമ്പളം | 5.54 | 0.40 | 5.94 |
| പടവലം | 1.15 | 0.40 | 1.55 |
| **ആകെ** | **187.75** | **9.83** | **197.58** |





പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ ബ്ലോക്കിൽ 73.37 ഹെക്ടറിലായി വെണ്ട കൃഷി നടത്തിയിട്ടുണ്ട്. രണ്ടാസ്ഥാനത്തായി 32.93 ഹെക്ടറിൽ പയർ കൃഷിയുണ്ട്. വിവിധ വിളകളിലായി പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിലൂടെ ബ്ലോക്കിൽ 197.58 ഹെക്ടർ വിസ്തൃതിയിൽ കൃഷി ചെയ്തിട്ടുണ്ട്. ഇതിൽ വെണ്ട, പയർ, തക്കാളി, കത്തിരി എന്നിവ യഥാക്രമം 73.37, 33.23 25.98 21.16 ഹെക്ടറുകളിലായി കൃഷി ചെയ്തിട്ടുണ്ട്.

## ബി) ഉത്പാദനം (എസ്റ്റിമേറ്റഡ് )


### 1. ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത് / വിളതിരിച്ചുള്ള ഉൽപ്പാദനം (ടൺ)

| പഞ്ചായത്ത് / വിള | പെരുമാട്ടി | എരുത്തേംമ്പതി | എലപ്പുള്ളി | കൊഴിഞ്ഞാമ്പാറ | നല്ലേപ്പിള്ളി | വടകരപ്പതി | പൊൽപ്പുള്ളി | ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി | ആകെ |
|---|---|---|---|---|---|---|---|---|---|
| **മുളക്** | 29.44 | 52.44 | 4.40 | 19.28 | 5.98 | 34.19 | 1.34 | 0.00 | 147.08 |
| **കത്തിരി** | 57.26 | 32.72 | 1.05 | 5.33 | 2.63 | 3.19 | 1.80 | 38.74 | 142.70 |
| **വെണ്ട** | 21.69 | 78.08 | 18.28 | 603.00 | 22.96 | 30.29 | 3.19 | 2.13 | 779.62 |
| **പാവൽ** | 147.74 | 13.74 | 9.57 | 2.39 | 19.15 | 37.69 | 0.00 | 4.79 | 235.07 |
| **തക്കാളി** | 264.10 | 29.40 | 1.80 | 0.00 | 1.10 | 78.10 | 0.00 | 0.00 | 374.60 |
| **പയർ** | 7.14 | 94.60 | 1.97 | 4.79 | 7.70 | 36.06 | 2.21 | 0.00 | 154.48 |
| **വെള്ളരി** | 0.00 | 41.16 | 2.46 | 0.00 | 0.00 | 0.00 | 0.00 | 0.00 | 43.62 |
| **കുമ്പളം** | 0.00 | 0.00 | 0.00 | 26.94 | 69.97 | 0.00 | 0.00 | 0.00 | 96.91 |
| **പടവലം** | 0.00 | 0.00 | 0.00 | 0.00 | 0.00 | 7.52 | 0.00 | 0.00 | 7.52 |
| **ആകെ** | **527.37** | **342.14** | **39.53** | **661.73** | **129.49** | **227.04** | **8.54** | **45.66** | **1981.6** |

ചിറ്റൂർ ബ്ലോക്കിൽ വിവിധ വിളകളിലായി പരമ്പരാഗത കൃഷി സമ്പ്രദായത്തിലൂടെ 1981.6 ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്. പ്രസ്തുത രീതിയിലൂടെ ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുള്ളത് കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലാണ്. പഞ്ചായത്തിൽ വിവിധ വിളകളിലായി 661.71 ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്.




ചിറ്റൂർ ബ്ലോക്കിന്റെ വിളതിരിച്ചുള്ള ഉത്പാദനത്തിൽ 779.62 ടണ്ണമായി വെണ്ടകൃഷിയാണ് ഏറ്റവും മുന്നിൽ. തൊട്ടടുത്ത സ്ഥാനം 374.6 ടൺ ഉത്പാദനവുമായി തക്കാളിയാണ്. ഏറ്റവും കുറവ് ഉത്പാദനം പടവലം കൃഷിയിലാണ് (7.52 ടൺ).



## 2.പെരുമാട്ടി പഞ്ചായത്തിലെ പ്രിസിഷൻ /പോളിഹൗസ് ഫാമിങിന്റെ ഉത്പാദനം

| വിളകളുടെ പേര് | പ്രിസിഷൻ / പോളിഹൗസ് ഫാമിങിലെ ഉത്പാദനം (ടൺ) |
|---|---|
| മുളക് | 5.20 |
| കത്തിരി | 4.00 |
| വെണ്ട | 1.50 |
| പാവൽ | 11.00 |
| തക്കാളി | 28.50 |
| പയർ | 1.50 |
| വെള്ളരി | 18.00 |
| കുമ്പളം | 2.00 |
| പടവലം | 3.50 |
| ആകെ | **75.20** |

പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിലൂടെ പെരുമാട്ടി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉല്പാദനം ഉള്ളത് തക്കാളികൃഷിയിലാണ് (28.50 ടൺ). പെരുമാട്ടി പഞ്ചായത്തിൽ ഈ രീതിയിൽ 75.20 ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്.

## 3. വടകരപ്പതി പഞ്ചായത്തിലെ പ്രിസിഷൻ ഫാമിങിന്റെ ഉത്പാദനം

വടകരപ്പതിപഞ്ചായത്തിൽ 4 വിളകളിലായാണ് പ്രിസിഷൻ / പോളിഹൗസ് ഫാമിങ് രീതിയിൽ പച്ചക്കറി ഉത്പാദനം നടത്തിയിട്ടുള്ളത്. ആകെ 94.50 ടൺ പച്ചക്കറി പ്രസ്തുത രീതിയിൽ ഉത്പാദിപ്പിച്ചിട്ടുണ്ട്. 68% ഉത്പാദനം തക്കാളികൃഷിയിലൂടെയാണുള്ളത്.

| വിളകളുടെ പേര് | പ്രിസിഷൻ ഫാമിങിലെ ഉത്പാദനം (ടൺ) |
|---|---|
| മുളക് | 5.20 |
| പാവൽ | 21.00 |
| തക്കാളി | 63.80 |
| പയർ | 4.50 |
| ആകെ | 94.50 |

## 4. ചിറ്റൂർ ബ്ലോക്കിലെ ആകെ പ്രിസിഷൻ / പോളിഹൗസ് ഫാമിങിന്റെ ഉത്പാദനം


ബ്ലോക്കിൽ രണ്ട് പഞ്ചായത്തുകളിൽ മാത്രമാണ് പ്രിസിഷൻ / പോളിഹൗസ് ഫാമിങിലൂടെ പചചക്കറി ഉത്പാദനം ഉള്ളത്. ആകെ 169.70 ടൺ പച്ചക്കറി ഈ ഇനത്തിൽ ഉത്പാദിപ്പിക്കുന്നു. വിശദവിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വിളകളുടെ പേര് | പ്രിസിഷൻ / പോളിഹൗസ് ഫാമിങിലെ ഉത്പാദനം (ടൺ) |
|---|---|
| മുളക് | 10.40 |
| കത്തിരി | 4. 00 |
| വെണ്ട | 1.50 |
| പാവൽ | 32.00 |
| തക്കാളി | 92.30 |
| പയർ | 6.00 |
| വെള്ളരി | 18.00 |
| കുമ്പളം | 2. 00 |
| പടവലം | 3.50 |
| ആകെ | **169.70** |

## 5. ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ പഞ്ചായത്ത് തിരിച്ചുള്ള ആകെ ഉത്പാദനം (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ)

| പഞ്ചായത്ത് | പരമ്പരാഗത ഉത്പാദനം ടൺ | പ്രിസിഷൻ / പോളിഹൗസ് ഫാമിങ്ങിലൂടെയുള്ള ഉത്പാദനം | ആകെ ഉത്പാദനം |
|---|---|---|---|
| പെരുമാട്ടി | 527.37 | 75.20 | 602.57 |
| എരുത്തേമ്പതി | 342.14 | 0.00 | 342.14 |
| ഏലപ്പുള്ളി | 39.53 | 0.00 | 39.53 |
| കൊഴിഞ്ഞാമ്പാറ | 661.73 | 0.00 | 661.73 |
| നല്ലേപ്പിള്ളി | 129.49 | 0.00 | 129.49 |
| വടകര പ്പതി | 227.04 | 94.50 | 321.54 |
| പൊൽപ്പുള്ളി | 8.54 | 0.00 | 8.54 |
| ചിറ്റൂർ- തത്തമംഗലം മുനിസിപ്പാലിറ്റി | 45.66 | 0.00 | 45.66 |
| ആകെ | **1981.50** | **169.70** | **2151.20** |


പരമ്പരാഗത കൃഷിയിലൂടെയും (1981.50 ടൺ) നൂതന കൃഷിസംരംഭങ്ങളിലുമായി (169.70 ടൺ) ചിറ്റൂർ ബ്ലോക്കിൽ 2151.20 ടൺ പച്ചക്കറി ഉത്പദാനം നടത്തിയിട്ടുണ്ട്. ബ്ലോക്കിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദനം കൊഴിഞ്ഞാമ്പാറ (661.73 ടൺ), പെരുമാട്ടി (602.57 ടൺ) എന്നീ പഞ്ചായത്തുകളിലാണ്.




## 6.ചിറ്റൂർ ബ്ലോക്കിലെ പ്രധാന പച്ചക്കറി വിളകളുടെ ആകെ ഉത്പാദനം (പ്രിസിഷൻ / പോളിഹൗസ് ഫാമിങ് ഉൾപ്പെടെ)

| വിളകൾ | പച്ചക്കറിയുടെ ഉത്പാദനം | പ്രിസിഷൻ / പോളിഹൗസ് കൃഷി സമ്പ്രദായത്തിലൂടെയുള്ള ഉത്പാദനം (ടൺ) | പച്ചക്കറിയുടെ ആകെ ഉത്പാദനം |
|---|---|---|---|
| മുളക് | 147.08 | 10.40 | 157.48 |
| കത്തിരി | 142.70 | 4.00 | 146.70 |
| വെണ്ട | 779.62 | 1.50 | 781.12 |
| പാവൽ | 235.07 | 32.00 | 267.07 |
| തക്കാളി | 374.60 | 92.30 | 466.90 |
| പയർ | 154.48 | 6.00 | 160.48 |
| വെള്ളരി | 43.62 | 18.00 | 61.62 |
| കുമ്പളം | 96.91 | 2.00 | 98.91 |
| പടവലം | 7.52 | 3.50 | 11.02 |
| ആകെ | **1981.60** | **169.70** | **2151.30** |

ബ്ലോക്കിൽ 9 വിളകളിലായി 2151.30 ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്. ചിറ്റൂർ ബ്ലോക്കിലെ ആകെ ഉത്പാദനത്തിന്റെ 36% വെണ്ട കൃഷിയാണ്. ഉത്പാദനത്തിന്റെ 22% തക്കാളി കൃഷിയുമാണ്. ഏറ്റവും കുറഞ്ഞ ഉല്പാദനം ഉള്ളത് പടവലം കൃഷിയിലാണ്.




പച്ചക്കറി വിളകളുടെ ഉത്പാദനം കണ്ടുപിടിക്കാൻ നിലവിൽ ഒരു രീതി ശാസ്ത്രം ഇന്നുവരേയും ഫലപ്രദമായി രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് NSSO / CSO ഉദ്യോഗസ്ഥരിൽ നിന്നും അറിയാൻ കഴിഞ്ഞത്. എന്നിരുന്നാലും ചില ശ്രമങ്ങൾ നടത്തിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. (CHAMAN പ്രോജക്റ്റ് ആറ് സംസ്ഥാനങ്ങളിൽ നടത്തിവരുന്നു) കാലിക വിളകളുടെ കണക്കെടുപ്പ്, മിശ്രിത കൃഷി രീതി അവലംബിക്കുന്ന കേരളം പോലുള്ള സംസ്ഥാനത്ത് വളരെ ദുഷ്കരമായിരിക്കും. ആയതിനാലാണ് സാമ്പിളിംഗ് രീതിയിൽ പരമാവധി കർഷകരെ ഉൾപ്പെടുത്തികൊണ്ട് 10 സെന്റിൽ കുറയാതെ കൃഷിചെയ്യുന്ന പ്രദേശം മാത്രം ഉൾപ്പെടുത്തികൊണ്ട് സർവ്വെ നടത്തിയത്. കൃഷിവകുപ്പിലേയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലേയും ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ കൃത്യനിർവ്വഹണത്തിന്റെ ഫലമായാണ് ഇത്തരം ഒരു നൂതന സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞത്.

## ശുപാർശ

സെലക്ഷൻ ലിസ്റ്റ് കൃഷി വകുപ്പിന്റെ സഹായത്തോടെ മുൻകൂട്ടി തയ്യാറാക്കി സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ സഹായത്താൽ പരിശോധിച്ചുറപ്പുവരുത്തിയതിന് ശേഷം സാംപ്ലിംഗ് ഫ്രെയിം ഉണ്ടാക്കി തെരഞ്ഞെടുപ്പ് നടത്തി സർവ്വെ നടത്തുകയാണെങ്കിൽ മേൽപറഞ്ഞ പോരായ്മകൾ ഒരു പരിധിവരെ ഒഴിവാക്കി error കുറഞ്ഞ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയും. കർഷകരുടെ സാന്നിദ്ധ്യവും സഹകരണവും വളരെ പ്രധാനപ്പെട്ടതായതിനാൽ ആയത് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

--------------------



Department of Economics & Statistics, Thiruvananthapuram
Website: www.ecostat.kerala.gov.in, E-mail: ecostatdir@gmail.com